

# സീറ്റ് വരും പോകും ; ജാനുവമ്മ തഗ് ലൈഫാണ്

**കാഞ്ഞങ്ങാട്** ● '2 സീറ്റില്ലെന്ന കാരണത്താൽ നമ്മടെ നാട്ടിൽ കലോത്സവം വന്നാൽ കാണാതിരിക്കാൻ പറ്റുമോ ? ''- ചോദിക്കുന്നത് ജാനുവമ്മൂമ്മയാണ്.

**പൊരിവെയിലത്ത്** നിന്നു കയ്യടിച്ച് നാടകം കണ്ട എഴുപതിലധികം പ്രായമുള്ള കാഞ്ഞങ്ങാട്ടുകാരിയാണ് കലോത്സവത്തിലെ ജനകീയമാക്കിയ കാണികളിലെ താരം.

*? നാടകം അമ്മൂമ്മയ്ക്ക് അത്ര ഇഷ്ടമാണോ?*

നാടകം കാണാൻ ചെറുപ്പത്തിലേ ഇഷ്ടമാണ്. ഒരു പാടുനാളായി കണ്ടിട്ട്. ഇവിടെ വലിയ ഒച്ച കേട്ടപ്പോ കുട്ടികൾ കളിക്കുന്നത് കാണാൻ നേരെയിങ്ങ് പോന്നു. ചോറും മുറുക്കുമൊക്കെ എടുത്ത് വന്നപ്പോഴേക്കും വൈകി.

*? ഒറ്റയ്ക്കാണോ വരവ് ?*

അതേ. താമസവും ഒറ്റയ്ക്കാണ്. മക്കളൊക്കെ വേറെയാണ്. കുട്ടികളുടെ പ്രകടനം കാണുന്നതല്ലേ വലിയ സന്തോഷം.

*? തിരക്കു കണ്ടിട്ട് മടങ്ങിപ്പോവാൻ തോന്നിയില്ലേ?*

നാടകം കാണുമ്പോൾ എങ്ങനെയാ മടങ്ങുക? ഭക്ഷണമൊക്കെ എടുത്താണ് പോന്നത്. ഇവിടെ ഇനീം ഇനീം തിരക്കു കൂടും. നാടകം ഇഷ്ടമുള്ളവരാണ് ഈ നാട്ടുകാര്. ആദ്യം നിന്നു കണ്ടാലും ഒരു കസേര കിട്ടാതിരിക്കില്ലല്ലോ.

വെയിലത്ത് നിന്ന് നാടകം കണ്ട ജാനുവമ്മൂമ്മയ്ക്ക് ഒടുവിൽ പൊലീസ് തന്നെ കസേര എത്തിച്ചു നൽകി. സദസിനൊപ്പം കയ്യടിച്ചു ഭക്ഷണം കഴിഞ്ഞ് സന്ധ്യ വരെ ഇരുന്നിട്ടാണു മടങ്ങിയത്.


'ഇവളെ' അറിയുമോ?



പേജ് 4 കാണുക




# 60 YEARS

## സ്വർണക്കപ്പിന്റെ കേരള യാത്ര

1957 ൽ എറണാകുളത്ത് ആരംഭിച്ച സംസ്ഥാന സ്കൂൾ യുവജനോത്സവം കലോത്സവമായി 2019ൽ കാസർകോട്ടെത്തിയപ്പോൾ അറുപതിന്റെ കൗമാരത്തിളപ്പ്. ഓരോ വർഷത്തെയും ജേതാക്കളെയറിയാനുള്ള സവാരി ഈ പേജുകളിൽ...

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഹയർസെക്കൻഡറി വിഭാഗം പഞ്ചവാദ്യത്തിൽ എ ഗ്രേഡ് നേടിയ കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസ് ടീം ഹൗസ്ബോട്ടിൽ. ചിത്രം: അരവിന്ദ് ബാല ● മനോരമ

കളർ റിയാലിറ്റി ഷോയിൽ ഇന്ന് - പച്ച

## പച്ച 'പിടിച്ചാൽ' സമ്മാനം

● പച്ചയണിഞ്ഞ് കലോത്സവം കാണാൻ വന്നാൽ സമ്മാനം

കാഞ്ഞങ്ങാട്ട് കലോത്സവ വേദികളിൽ എത്തുന്ന കാണികൾക്കായി മനോരമയും ഇമ്മാനുവൽ സിൽക്സും ചേർന്നൊരുക്കുന്ന കളർ റിയാലിറ്റി ഷോയിൽ ഇന്നത്തെ നിറം പച്ച! പച്ച ഷെയ്ഡുകളിലുള്ള വസ്ത്രമോ ആക്സസറിയോ ധരിച്ച് കലോത്സവ വേദികളിലെത്തുന്നവരിൽ 10 ഭാഗ്യശാലികൾക്ക് ഗിഫ്റ്റ് വൗച്ചറുകൾ സമ്മാനം. അപ്പോൾ, പച്ചയണിഞ്ഞു വരൂ, മനോരമ സംഘം നിങ്ങളെ കാത്ത് കലോത്സവവേദികളിലുണ്ടാകും!

കേരള സ്കൂൾ കലോത്സവം
നവംബർ 28 – ഡിസംബർ 1

മലയാള മനോരമ കാസർ സ്റ്റാർ
ഇത് കലയുടെ കാസർകോടാ!

# കലയോളം

## സ്നേഹം നിറച്ചു വിരുന്നൂട്ടി കാഞ്ഞങ്ങാട്ടുകാർ

**കാഞ്ഞങ്ങാട്** ● സ്നേഹം തുറന്നുവച്ച മനസ്സും അതിഥികൾക്കായി വാതിലുകൾ തുറന്നിട്ട വീടും ഒരുക്കി കാഞ്ഞങ്ങാട് തെളിയിച്ചത് പുതിയ ആതിഥ്യമാതൃക. കലോത്സവത്തിനെത്തിയവർക്കും വിദ്യാർഥികൾക്കും പറയാനുണ്ടായിരുന്നതു മുഴുവൻ ഈ നാടിന്റെ നന്മ.

വിദ്യാർഥികളെ കാത്ത് പാതിരാത്രിയിലും വീടു തുറന്നു കാവലിരുന്ന വീട്ടമ്മമാർ. ഇഡ്ഡലിയും കോഴിക്കറിയും വച്ചു വിളമ്പി സ്നേഹമൂട്ടുന്ന അവരുടെ നിറമനസ്സ്. സ്വന്തം വീട് മത്സരാർഥികൾക്ക് വിട്ടു നൽകുന്ന നാട്ടുകാർ. പാതിരാത്രിയിൽ റെയിൽവേ സ്റ്റേഷനിലെത്തുന്ന കുട്ടികളെ സുരക്ഷിത കേന്ദ്രങ്ങളിലേക്കെത്തിക്കുന്ന ഓട്ടോ ഡ്രൈവർമാരും നാട്ടുകാരും.

എല്ലാറ്റിനുമുപരി നാടിനെ സ്തംഭിപ്പിച്ച് വേദികളിലേക്ക് ഒഴുകിയെത്തുന്ന പതിനായിരങ്ങൾ. 28 വർഷത്തിന് ശേഷം കാഞ്ഞങ്ങാട്ടെത്തിയ സംസ്ഥാന സ്കൂൾ കലോത്സവത്തെ എല്ലാ അർഥത്തിലും ആഘോഷമാക്കുകയാണ് നാട്ടുകാർ. അറുപതാമത് സംസ്ഥാന സ്കൂൾ കലോൽസവത്തിന് ഇന്നു തിരശീല വീഴുമ്പോൾ കാഞ്ഞങ്ങാട്ടുകാർ പറയുന്നു : ഈ മേളയെ ഞങ്ങളങ്ങ് എടുക്കുവാ...

ഇനി ഈ കുരുന്നുകളും രക്ഷിതാക്കളും അധ്യാപകരും ഈ നാടിന്റെ ബ്രാൻഡ് അംബാസഡർമാരാകും തീർച്ച. 13 ജില്ലകളും കേട്ടു, കണ്ടു, രുചിച്ചറിഞ്ഞു ഈ നാടിന്റെ പോരിഷ.

### മനസ്സുപോലെ സുന്ദരം പ്രകൃതിയും



സഹായ മനോഭാവമുള്ള ജനങ്ങൾ. വഴി തെറ്റിയപ്പോൾ സ്വന്തം വണ്ടിയിൽ ഞങ്ങളെ കൃത്യമായി വേദിയിലെത്തിച്ചു. ജനങ്ങളുടെ നല്ല മനസ്സു പോലെ സുന്ദരമായ ഭൂപ്രകൃതി.
(അപർണ സന്തോഷ്, കെടിസിടി ഇഎംഎച്ച്എസ്എസ്, തിരുവനന്തപുരം

### വീടൊരുക്കിയ വാത്സല്യം



നല്ലയാളുകൾ, നല്ല വേദികൾ, നല്ല സദസ്സ് ഇതൊക്കെയാണ് കാഞ്ഞങ്ങാട് എത്തിയപ്പോൾ ഏറെ ആകർഷിച്ചത്. നാട്ടുകാരനായ ഒരാൾ ഒരുക്കിയ വീട്ടിലായിരുന്നു താമസം. രുചികരമായ ഭക്ഷണം സ്നേഹത്തോടെ നൽകി. ഭാഷ മനസ്സിലാക്കാൻ കുറച്ച് കഷ്ടപ്പെട്ടു.
(എം.ശ്രീരാജ്, ജിഎംഎച്ച്എസ്എസ് അമ്പലപ്പുഴ ആലപ്പുഴ)

### ഭാഷയുടെ മണ്ണ്, സ്നേഹ മണ്ണ്



തുളു ഭാഷ ആദ്യമായി കേൾക്കാൻ അവസരം ലഭിച്ചു. ജില്ലയുടെ പ്രകൃതി സൗന്ദര്യം മനസ്സിൽ തങ്ങി നിൽക്കുന്നു. റോഡിലെ ഗതാഗതക്കുരുക്ക് കുറച്ച് ബുദ്ധിമുട്ടിച്ചെങ്കിലും കാസർകോടിനെ കുറിച്ച് നല്ല ഓർമകളുമായാണ് വിട പറയുന്നത്.
(ദേവി കൃഷ്ണ, തടിക്കടവ് എച്ച് എസ് എസ്, അഞ്ചൽ, കൊല്ലം)

### സൗഹൃദം തന്ന നാട്



നല്ല സൗഹൃദത്തോടെയുള്ള പെരുമാറ്റമാണ് ഇവിടുത്തുകാരുടേത്. കലോത്സവ വേദികളിലെ ഗ്രീൻ പ്രോട്ടോക്കോൾ ഏറെ ഇഷ്ടമായി. ഇതേ പോലെ കാസർകോടൻ രുചിയും ഇഷ്ടപ്പെട്ടു. വളരെ വ്യത്യസ്തമായ ഭാഷാ സംസ്കാരമാണ് ഏറെ ആകർഷിച്ചത്.
ഇന്ദു യാഷിക ക.ദു.
(മൗണ്ട് കാർമൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, കോട്ടയം)

തുണയായി. ആതിഥേയത്വം ഏറെ ഇഷ്ടപ്പെട്ടു.
(എസ്. അനുശ്രീ. സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂൾ പെരുവന്താനം. ഇടുക്കി.)

### രുചിയുടെ മേളപ്പെരുക്കം



നാട്ടുകാരുടെ സഹകരണം ഏറെ ഇഷ്ടമായി. മത്സരവേദികൾ തമ്മിലുള്ള ദൂരം ചെറിയ ബുദ്ധിമുട്ട് സൃഷ്ടിച്ചു. ഭക്ഷണവും താമസവും മികവുറ്റത്.
(എസ്.പ്രണതശ്രീ, വിഎസ് വിപിഎം ഹയർസെക്കൻഡറി സ്കൂൾ ഐരവൺ, കോന്നി, പത്തനംതിട്ട)

### വഴി കാട്ടിയ ഓട്ടോക്കാർ



'കാസർകോടിന്റെ സംസ്കാരം ഏറെ ഇഷ്ടമായി. ഭാഷ ഏറെ ആകർഷിച്ചു. പുലർച്ചെ വഴി അറിയാതെ വലഞ്ഞ ഞങ്ങൾക്ക് ഓട്ടോ ഡ്രൈവർമാർ

### മതവും ജാതിയും നോക്കാത്ത നാട്



'മികച്ച അനുഭവങ്ങൾ. താമസ സൗകര്യവും സ്കൂളുകളും ഏറെ ഇഷ്ടപ്പെട്ടു. നമ്മളൊന്നാണ് എന്ന സന്ദേശമാണ് ഈ നാട് നൽകിയത്. മതമോ, ജാതിയോ ഒന്നും സ്നേഹത്തിന് തടസ്സമായില്ല.
(വി.പി.സുമയ്യ, ഗവ.ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ പെരുമ്പാവൂർ, എറണാകുളം.)

### സംസ്കാരമുള്ള പെരുമാറ്റം



സംസ്കാരവും സ്നേഹവുമുള്ളവരുടെ നാട്. വേദികൾ മികച്ചത്.
(വി.എസ്.ആദിത്യൻ, ജിവിഎച്ച്എസ്എസ് ദേശമംഗലം തൃശൂർ.)



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ പി.നന്ദന രാജൻ (എഐച്ച്എസ്എസ് അജാനൂർ കാസർകോട്)

### സ്നേഹസമ്പന്നം



സ്നേഹ സമ്പന്നരായ നാട്ടുകാർ. സംഘാടകർ ഒരുക്കിയ വീടുകളിലായിരുന്നു താമസം.
(കെ.യു.അനന്തദേവ്, എച്ച്എസ്എസ് പെരിങ്ങോട് പാലക്കാട്)

### ജില്ല മുഴുവൻ കാണാനായില്ല



നല്ല നാട്ടുകാർ. സൗഹൃദ മനോഭാവത്തോടെയുള്ള നാട്ടുകാരുടെ പെരുമാറ്റം ഏറെ ഇഷ്ടമായി. ജില്ല മുഴുവനായി കാണാൻ ആഗ്രഹമുണ്ട്.
സഞ്ജയ് ആർ.കൃഷ്ണൻ (ജിഎച്ച്എസ്എസ് തൂവൂർ മലപ്പുറം)

### കാത്തിരുന്ന അമ്മമാർ



മികച്ച സഹകരണം. വീടുകളാണ് താമസത്തിന് കിട്ടിയത്. മത്സരം കഴിഞ്ഞ് പാതിരാത്രിയിൽ വീട്ടിലെത്തിയിട്ടും നിറഞ്ഞ മനസ്സോടെയുള്ള സ്വീകരണം അത്ഭുതപ്പെടുത്തി.
സി.വി.വിഷ്ണുപ്രിയ
എംസി ഗേൾസ് ഹൈസ്കൂൾ എലത്തൂർ കോഴിക്കോട്

### കാഞ്ഞങ്ങാടിന്റെ സൗഹൃദം



കാസർകോടിന്റെ സൗഹൃദം ഏറെ ഇഷ്ടപ്പെട്ടു. സംഘാടകർ ഒരുക്കിയ നൽകിയ വീട്ടിലാണ് താമസിച്ചത്. ഭാഷ മനസ്സിലാക്കാൻ ചെറുതായി ബുദ്ധിമുട്ടിയെങ്കിലും നാട് ഏറെ ഇഷ്ടപ്പെട്ടു.
(അഭിനന്ദ് അരവിന്ദ്, എൻഎസ്എസ് ഹൈസ്കൂൾ കൽപറ്റ, വയനാട്)

### ബ്ലോക്കിൽ മാത്രമേ പരിഭവമുള്ളൂ



താമസിക്കാൻ ഹോട്ടൽ മുറികൾ കിട്ടിയില്ലെങ്കിലും വീട്ടുകാരുടെ സ്നേഹം തുണയായി. ഗതാഗത തടസ്സമാണ് നേരിയ ബുദ്ധിമുട്ടായത്.
(ഡി. സീന, മമ്പറം ഹയർസെക്കൻഡറി സ്കൂൾ, കണ്ണൂർ)



| 1957 | 1958 | 1959 | 1960 | 1961 | 1962 | 1963 | 1964 | 1965 | 1966 |
|---|---|---|---|---|---|---|---|---|---|
| വടക്കേമലബാർ | തിരുവനന്തപുരം | കോഴിക്കോട് | തലശ്ശേരി | തിരുവനന്തപുരം | ആലപ്പുഴ | തിരുവനന്തപുരം | ആലപ്പുഴ | ആലപ്പുഴ | കലോത്സവം നടന്നില്ല |